# Desabhimani
# 31 August 2018
# Kochi, CM’s Flood  Relief Fund

ദുരിതാശ്വാസം

## എഐഎൽആർഎസ്എ 12.5 ലക്ഷം നൽകി



ഓൾ ഇന്ത്യ ലോക്കോ റണ്ണിങ് സ്റ്റാഫ് അസോസിയേഷൻ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ച 12.5 ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

**കൊച്ചി**

ഓൾ ഇന്ത്യ ലോക്കോ റണ്ണിങ് സ്റ്റാഫ് അസോസിയേഷൻ (എ ഐ എൽ ആർ എ സ് എ) ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ച 12.5 ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. ഡിവിഷണൽ പ്രസിഡന്റ് ജെ വേണുഗോപാൽ, സോണൽ ഓർഗനൈസിങ് സെക്രട്ടറി പി എൻ സോമൻ എന്നിവർ ചേർന്നാണ് ചെക്ക് കൈമാറിയത്. ഡിവിഷണൽ സെക്രട്ടറി ബിജു ജോർജ്, വർക്കിങ് പ്രസിഡന്റ് ടി ശ്രീകണ്ഠൻ, കെ വേണുഗോപാൽ എന്നിവരും ഒപ്പമുണ്ടായി. ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനിലെ 450 ലേറെ ലോക്കോ പൈലറ്റുമാരിൽ നിന്നാണ് തുക സമാഹരിച്ചത്.

## പ്രളയബാധിതരെ സഹായിക്കാൻ നാഫെഡും




പ്രളയബാധിതരെ സഹായിക്കുന്നതിനായി നാഫെഡ് സമാഹരിച്ച ഭക്ഷ്യവസ്തുക്കളുമായി പോകുന്ന വാഹനങ്ങൾ മാർക്കറ്റ് ഫെഡ് എംഡി ഡോ. എസ് കെ സനിൽ ഫ്ളാഗ് ഓഫ് ചെയ്യുന്നു